# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 03/05/ 2020

## പോലീസ് റെയ്ഡ്-കണ്ണനല്ലൂർ ,കൂരീപ്പുഴ എന്നിവിടങ്ങളിൽ നിന്നായി 8 ലിറ്റർ ചാരായവും കോടയും പിടിച്ചെടുത്തു. 5 പേർ അറസ്റ്റിൽ

കൊല്ലം : ചാരായ നിർമാണവും വിൽപ്പനയും തടയുന്നതിനായി കൊല്ലം സിറ്റി പോലീസ് നടത്തിയ പരിശോധനയിൽ ചാരായവും അനധികൃതമായി മദ്യം നിർമിക്കുവാൻ വേണ്ടി സൂക്ഷിച്ചിരുന്ന കോടയും വാററുപകരണങ്ങളും പിടിച്ചെടുത്തു. കൊല്ലം സിറ്റി പോലീസ് കമ്മീഷണർക്ക് ലഭിച്ച വിവരത്തെ ത്തുടർന്ന് നടത്തിയ പരിശോധനകളിലാണ് കണ്ണനല്ലൂർ,കുരീപ്പുഴ എന്നിവിടങ്ങളിൽ നിന്നും ചാരായം പിടിച്ചെടുത്തത്. കൊട്ടിയം പോലീസ് സ്റേറഷൻ പരിധിയിൽ കണ്ണനല്ലൂർ സൗത്ത് ഫാത്തിമ കോട്ടേജിൽ ചാരായ വാറ്റ് നടക്കുന്നതിനിടെ പോലീസ് എത്തി വീട്ടുടമസ്ഥനായ സിനോജ് (36),മുഖത്തല പി.കെ ജംഗ്ഷൻ പുത്തൻ വീട്ടിൽ വിശാഖ് (21) എന്നിവരെ അറസ്റ്റ് ചെയ്യുകയും വാറ്റിയ നിലയിൽ കണ്ടെത്തിയ 7 ലിറ്റർ ചാരായവും 80 ലിറ്റർ കോടയും വാറ്റുപകരണങ്ങളും പിടിച്ചെ ടുക്കുകയും ചെയതു. കൊട്ടിയം പോലീസ് ഇൻസ്പെക്ടർ ദിലീഷ്, എസ്.ഐ മാരായ ദിപു,മാത്യു വർഗീസ്,സ്പെഷ്യൽ ബ്രാഞ്ച് എസ്.ഐ സുരേഷ് ബാബു, പോലീസ് ഉദ്യോഗസ്ഥരായ ഫിറോസ് ,സെയ്ഫ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.

അഞ്ചാലുമ്മൂട് കുരീപ്പുഴ സേക്രട്ട് ഹാർട്ട് സ്ക്കൂളിന് സമീപം കുളത്തൂർ ഭവനം ഹൈനസ് ജോസഫ് (41) ന്റെ വീടിന്റെ അടുക്കളയിൽ ചാരായ നിർമാണം നടന്നു കൊണ്ടിരിക്കെ പോലീസ് എത്തി 1.5 ലിറ്റർ ചാരായവും 15 ലിറ്റർ കോടയും വാറ്റുപകരണങ്ങളും പിടിച്ചെടുത്തു. വീട്ടുടമസ്ഥനായ ഹൈനസ് ജോസഫ്, കുരീപ്പുഴ ലിഗോറിയ വില്ലയിൽ ജോസഫ് (38),കുരീപ്പുഴ യേശു ഭവനത്തിൽ

ആന്റോ (44) എന്നിവരെ അറസ്റ്റ് ചെയ്തു. അഞ്ചാലുമ്മൂട് പോലീസ് ഇൻസ്പെക്ടർ അനിൽ കുമാർ, എസ്.ഐ അബ്ദുൾ മനാഫ്, സ്പെഷ്യൽ ബ്രാഞ്ച് സബ് ഇൻസ്പെക്ടർ ജയകുമാർ ഡാൻസാഫ് ടീമംഗങ്ങളായ ബൈജു.പി.ജെറോം, സജു,സീനു,മനു എന്നിവരടങ്ങിയ സംഘമാണ് ചാരായം പിടിച്ചെടുത്തത്.അറസ്റ്റ് ചെയ്ത പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു. കൊല്ലം സിറ്റി പരിധിയിലെ വ്യാജവാറ്റുകാരെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പോലീസിന് ലഭിച്ചിട്ടുണ്ടെന്നും വ്യാജവാറ്റിനും വിൽപ്പനക്കും എതിരെയുള്ള പരിശോധനകൾ ശക്തമാക്കുമെന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണർ  അറിയിച്ചു.